**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 733**

**27.04.2017-ൽ മറുപടിയ്ക്ക്**

## കടൽ മത്സ്യവിഭവശോഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.എം. ഉമ്മർ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കടൽ മത്സ്യവിഭവശോഷണം തടയുന്നതിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ; | (എ) | കടൽ മത്സ്യ വിഭവശോഷണം തടയുന്നതിനായി ഫിഷറീസ് വകുപ്പ് മുഖേന താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>(1) തീരക്കടലിൽ കൃത്രിമ പാരുകൾ നിക്ഷേപിക്കൽ പദ്ധതി<br>(2) അഴിമുഖങ്ങളിലും കായലുകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ പദ്ധതി.<br>(3) ചെറുമത്സ്യങ്ങളെ പിടിച്ചെടുത്ത് മത്സ്യ സമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 14 ഇനം മത്സ്യങ്ങളുടെ ചെറു മത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചുകൊണ്ട് 24.07.2015 ലെ 40/15/മതുവ നമ്പരായി സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. കൂടുതൽ ഇനം മത്സ്യങ്ങളെ ഈ പട്ടികയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു.<br>(4) മൺസൂൺ കാലങ്ങളിൽ 47 ദിവസം ട്രോളിംഗ് നിരോധനം നടപ്പിലാക്കി വരുന്നു.<br>(5) കടൽ മത്സ്യ വിഭവശോഷണം തടയുന്നതിന്റെ ഭാഗമായി അശാസ്ത്രീയ മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധനയാന ഉടമകൾക്കെതിരെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ട് അനുസരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.<br>(6) തീരക്കടൽ കേജ് കൃഷി. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ആരുടെയെല്ലാം സഹകരണം ഉറപ്പാക്കിയിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | കടൽ മത്സ്യ വിഭവശോഷണം തടയുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഫിഷറീസ് വകുപ്പിനു കീഴിൽ വരുന്ന വിവിധ ഏജൻസികൾ, മത്സ്യഫെഡ്, കേന്ദ്ര ഫിഷറീസ് ഏജൻസികൾ, മത്സ്യത്തൊഴിലാളി സംഘടനാ പ്രതിനിധികൾ, മത്സ്യത്തൊഴിലാളികൾ എന്നിവരുടെ സഹകരണം ഉറപ്പു വരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതി പ്രകാരം മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കേരള സ്റ്റേറ്റ് തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം ജില്ലയിൽ തുമ്പ, അടിമലത്തുറ, പുല്ലുവിള ഭാഗത്ത് തീരക്കടലിൽ കൃത്രിമ പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഫിഷറീസ് വകുപ്പ് മുഖേന എല്ലാ മറൈൻ ജില്ലകളിലും അഴിമുഖങ്ങളിലും കായലുകളിലും മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി (സീ റാഞ്ചിംഗ് പദ്ധതി) നടപ്പിലാക്കി വരുന്നു. അശാസ്ത്രീയ മത്സ്യബന്ധനം നടത്തുന്ന യാനം ഉടമകൾക്കെതിരെ കേരള മറൈൻ റഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി അത്തരം യാനങ്ങൾ ഇംപൗണ്ട് ചെയ്ത് പിഴ ചുമത്തുന്നത് ഉൾപ്പെടെയുള്ള നടപടികൾ കൈക്കൊള്ളുന്നതിനും മറൈൻ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ ശക്തമായ കടൽ പട്രോളിംഗും നടത്തി വരുന്നു. കടലിലെ കേജ് കൃഷി നടപ്പിലാക്കുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ